# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ:** 0466 2212279 **ഇമെയിൽ:** kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ

**എ.എ.എസ്. 03/2021** (വെള്ളിയാഴ്ച) **തീയ്യതി: 08.01.2021**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 09.01.2021 | 10.01.2021 | 11.01.2021 | 12.01.2021 | 13.01.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 10 | 4 | 5 | 10 | 1 |
| ഉയർന്ന താപനില (°C) | 30 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 58 | 58 | 58 | 58 | 58 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 6 | 10 | 10 | 8 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 90 | 110 | 50 | 50 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 7 | 8 | 5 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 31 °C വരെയും കുറഞ്ഞ താപനില 25 °C വരെയും ആകാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: വിളകളിൽ പുതയിടൽ മാർഗ്ഗങ്ങൾ അവലംബിക്കുക. സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കാത്ത വിധം ഓല, വൈക്കോൽ, തൊണ്ട് എന്നിവയുപയോഗിച്ചു മണ്ണിനെ പൊതിഞ്ഞു ജലസംരക്ഷണം ഉറപ്പുവരുത്തുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| കാബേജ് | കൂടുകെട്ടിപ്പുഴു | കാബേജിനെ ആക്രമിക്കുന്ന കൂടുകെട്ടിപ്പുഴുക്കളെ നിയന്ത്രിക്കുന്നതിനായി പുഴുക്കളോടു കൂടിയ ഇലചുരുളുകൾ നശിപ്പിച്ചതിന് ശേഷം 5% വേപ്പിൻകുരുസത്ത് തളിച്ച് കൊടുക്കുക. ഒപ്പം വേപ്പിൻ പിണ്ണാക്ക് വളമായി നൽകുക. |
| നെല്ല് | ചാഴി | കതിര് നിരന്നുകൊണ്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ ചാഴിയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ഈ സമയത്ത് ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| വെള്ളരിവർഗ്ഗ വിളകൾ | കായീച്ച | വെള്ളരിവർഗ്ഗ വിളകളിലെ കായീച്ചകളെ നിയന്ത്രിക്കാൻ ക്യൂലൂർ ഫിറമോൺ കെണി 15 സെന്റിന് ഒന്ന് എന്ന കണക്കിൽ വച്ച് കൊടുക്കുക. |
| കമുക്/ തെങ്ങ് | മഹാളി | കമുകിലും തെങ്ങിലും മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടെയും തൊപ്പി ഭാഗത്തു നിന്ന് ചീഞ്ഞു വരുകയും അത് തൊപ്പി ഭാഗത്തു നിന്ന് വേർപെട്ടു അടർന്നു വീഴുകയും ചെയ്യുന്നു. ഇങ്ങനെ വീഴുന്ന അടക്കയുടെ അല്ലെങ്കിൽ മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്. |